# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:30.05.2026**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻറെ ഏകദിന കേരള സന്ദർശനം നാളെ. കോട്ടയത്തും കണ്ണൂരും വിവിധ പരിപാടികളിൽ പങ്കെടുക്കും.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിന്റെ 134 -ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്.

3. മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ വസതിയിലെ റെയ്ഡിനെ തുടർന്ന് ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ 5 പ്രതികളുടെ ജാമ്യാപേക്ഷ തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതി തള്ളി.

4. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം പുനക്രമീകരിച്ചു. ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് ജൂൺ രണ്ടിന്.

5. സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിംഗ് നിരോധനം അടുത്ത മാസം 9 ന് ആരംഭിക്കും.

6. കേരളത്തിൽ മഴ ശക്തിപ്രാപിക്കുന്നു. തിരുവനന്തപുരത്ത് ഇന്ന് ഓറഞ്ച് ജാഗ്രത. 7 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി - കേരളം

കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ കോട്ടയത്ത് എത്തും. ദീപിക ദിനപത്രത്തിന്റെ 140-ാം വാർഷികാഘോഷ പരിപാടികൾ മാമ്മൻ മാപ്പിള ഹാളിൽ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് ഒന്നു മുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണമുണ്ടായിരിക്കുമെന്ന് പൊലീസ് അറിയിച്ചു. കണ്ണൂരിൽ രാജ്യസഭാംഗം സി. സദാനന്ദൻ മാസ്റ്റർ സംഘടിപ്പിക്കുന്ന സ്വകാര്യ ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും. ഗോവ സന്ദർശനത്തിന് ശേഷമാണ് അദ്ദേഹം കേരളത്തിൽ എത്തുന്നത്.

&&&&&&&&&&&&&&&&&&

## നിയമസഭാ സമ്മേളനം

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൻറെ സമയക്രമത്തിൽ മാറ്റം. സമ്മേളനം ചൊവ്വാഴ്ച ആരംഭിക്കും. അന്നേ ദിവസം ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് നടക്കും. ജൂൺ 1 സ്കൂൾ പ്രവേശനോത്സവം കണക്കിലെടുത്താണ് സഭാ സമ്മേളനത്തിൻറെ സമയക്രമത്തിൽ മാറ്റം വരുത്തിയത്. ജൂൺ 4 വരെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുമേലുള്ള നന്ദി പ്രമേയം ചർച്ച ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

## ജാമ്യാപേക്ഷ തള്ളി

മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ തിരുവനന്തപുരത്തെ വീട്ടിൽ റെയ്ഡ് നടത്തി മടങ്ങിയ ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ 5 പ്രതികളുടെ ജാമ്യാപേക്ഷ കോടതി തള്ളി. തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. വധശ്രമം, പൊതുമുതൽ നശിപ്പിക്കൽ, ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തൽ തുടങ്ങിയ വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. കേസിൽ ആകെ 25 പ്രതികളാണ് ഉള്ളത്.

&&&&&&&&&&&&&&&&&&

ഓപ്പറേഷൻ ചക്രവ്യൂഹം

കേരളത്തിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് നടത്തിയ പരിശോധനയിൽ ഇരുപത്തിനാല് കിലോഗ്രാമിലധികം മയക്കുമരുന്നുകളും സൈക്കോട്രോപിക് വസ്തുക്കളും പിടികൂടി. ഓപ്പറേഷൻ ചക്രവ്യൂഹിന്റെ ഭാഗമായി കൊച്ചി, മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് ലഹരിക്കടത്ത് ശൃംഖലകളിൽ ഉൾപ്പെട്ട അഞ്ച് പേരെ കസ്റ്റഡിയിലെടുത്തതായി ധനകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

റാങ്ക് ലിസ്റ്റ് - രമേശ് ചെന്നിത്തല

അടുത്ത മാസം ഒൻപതിന് കാലാവധി തീരുന്ന സബ് ഇൻസ്പക്ടർ പി എസ് സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 43 പേർക്ക് നിയമനം ലഭ്യമാക്കാൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർദേശം നൽകി. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് ഇത് സംബന്ധിച്ച നിർദേശം നൽകിയത്. ഉദ്യോഗാർത്ഥികൾ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

RNUTVPM

&&&&&&&&&&&&&&&&&&

തുടക്കം- കെ.മുരളീധരൻ (ഇൻട്രോ)

ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന എല്ലാ ജീവനക്കാരെയും സർക്കാർ സംരക്ഷിക്കുമെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ. സംസ്ഥാനത്ത് ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ജനകീയ മഹാ ശുചീകരണ പ്രവർത്തനം "തുടക്കം" പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളജുകൾ വരെ പൂർണമായും അണുവിമുക്തമാക്കി പരിസരം ശുചിയായി സൂക്ഷിക്കുന്നതാണ് പദ്ധതി.

**കോഴിക്കോട് ജില്ലയിലെ ശുചീകരണ യജ്ഞത്തിന്റെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നസീർബാബു.. ( വോയിസ്....)**

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിയ്ക്ക്. പരിപാടിയുടെ 134-ാംപതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യും. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത എന്ന പരിപാടി കേൾക്കാവുന്നതാണ്.

RNUTVPM

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത അഞ്ചു ദിവസങ്ങൾക്കുള്ളിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ചില ഭാഗങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷമെത്തുന്നതിന് അനുകൂല സാഹചര്യമാണെന്ന് കാലാവസ്ഥ കേന്ദ്രം അറിയിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## തിരുവനന്തപുരം - മഴ (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ. രാവിലെ തുടങ്ങിയ മഴ നഗര ഗ്രാമ വ്യത്യാസമില്ലാതെ ഇപ്പോഴും തുടരുകയാണ്.

നഗരത്തിൽ പലയിടത്തും വെള്ളക്കെട്ടുണ്ടായത് ജനജീവിതത്തെ ബാധിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

( വോയിസ്....)

കനത്ത മഴയെ തുടർന്ന് അരുവിക്കര ഡാമിൻറെ രണ്ട് ഷട്ടറുകൾ കൂടുതൽ ഉയർത്തുന്ന സാഹചര്യത്തിൽ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. അതിനിടെ, നേമത്തിനും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനും ഇടയിൽ റെയിൽവേ ട്രാക്കിൽ മണ്ണിടിഞ്ഞു വീണു.

&&&&&&&&&&&&&&&&&&

**ട്രോളിംഗ് നിരോധനം**

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിംഗ് നിരോധനം അടുത്തമാസം 9 അർദ്ധരാത്രി മുതൽ ആരംഭിക്കും. ജൂലൈ 31 അർദ്ധരാത്രിവരെ നിരോധനം തുടരും. മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും ചെയ്യുന്നതിനായാണ് ട്രോളിംഗ് നിരോധനമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**കാലവർഷ ഒരുക്കങ്ങൾ- മുഖ്യമന്ത്രി**

അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങളും ദുരന്തസാധ്യതകളും കണക്കിലെടുത്ത് കാലവർഷത്തിന് മുന്നോടിയായുള്ള പ്രവൃത്തികൾ എല്ലാ വകുപ്പുകളും അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കാലവർഷ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്കിലെ

RAJUTVPM

നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>കണ്ണൂർ - കൊട്ടിയൂർ (ഇൻട്രോ)</u>

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന് തിരക്കേറി. സ്ത്രീകൾക്ക് ഇന്ന് മുതൽ അക്കരെ കൊട്ടിയൂരിൽ പ്രവേശിക്കാം. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

<u>മന്ത്രി ബിന്ദു കൃഷ്ണ</u>

അൻപതിലധികം ജീവനക്കാരുള്ള പൊതു-സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ ശിശുസംരക്ഷണ കേന്ദ്രങ്ങൾ ഒരുക്കുന്നത് പരിഗണനയിലെന്ന് മന്ത്രി ബിന്ദു കൃഷ്ണ. അങ്കണവാടി പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. അങ്കണവാടി ഭക്ഷണമെനു സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുമെന്നും ശ്രീമതി ബിന്ദു കൃഷ്ണ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

<u>പ്രവേശനോത്സവം - ഉദ്ഘാടനം</u>

മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ മറ്റെന്നാൾ തുറക്കും. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും. സ്കൂൾ പ്രവേശനോത്സവത്തിൽ വിദ്യാർത്ഥികൾ സൈബർ സുരക്ഷാ പ്രതിജ്ഞയെടുക്കും. സൈബർ ലോകത്തെ ചതിക്കുഴികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള കേരള പൊലീസ് സൈബർ വിഭാഗത്തിൻ്റെ കിഡ് ഗ്ലോവ് പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിൻ്റെ ഭാഗമായാണിത്.

&&&&&&&&&&&&&&&&&&

## ടി.യു.കുരുവിള - സംസ്കാരം

പൊതുമരാമത്ത് വകുപ്പ് മുൻ മന്ത്രി ടി.യു.കുരുവിളയ്ക്ക് വിട. സംസ്കാരം നാളെ കോതമംഗലത്ത് നടക്കും. ശ്വാസകോശസംബന്ധമായ അസുഖത്തെതുടർന്ന് ചികിത്സയിലായിരുന്ന അദ്ദേഹം ഇന്നലെയാണ് അന്തരിച്ചത്. 89 വയസ്സായിരുന്നു. 2006 ലും 2011 ലും അദ്ദേഹം കോതമംഗലത്തു നിന്ന് നിയമസഭയിലെത്തി.

&&&&&&&&&&&&&&&&&&

## ഐ പി എൽ

ഐ.പി.എൽ ക്രിക്കറ്റ് ഫൈനൽ പോരാട്ടം നാളെ. അഹമ്മദാബാദിൽ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ഗുജറാത്ത് ടൈറ്റൻസ് നേരിടും. അഹമ്മദബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNUTVPM